# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2551 — 09-07-2015 -ൽ മറുപടിക്ക്

### ഫ്ലഡ് റിലീഫ് സ്കീം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി** | | **ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ മന്ത്രി)** |
| എ) | ഫ്ലഡ് റിലീഫ് സ്കീമിൽ എത്ര കോടി രൂപയാണ് കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ചതെന്ന് വ്യക്തമാക്കാമോ; | എ) | സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 2015-16 സാമ്പത്തിക വർഷം ആകെ 243,57,27,201 (ഇരുന്നൂറ്റി നാല്പത്തി മൂന്ന് കോടി അൻപത്തി ഏഴ് ലക്ഷത്തി ഇരുപത്തി ഏഴായിരത്തി ഇരുന്നൂറ്റി ഒന്ന് രൂപ മാത്രം)രൂപ വിവിധ ശീർഷകങ്ങളിലായി ജില്ലാ കളക്ടർമാർക്ക് അനുവദിച്ചിട്ടുണ്ട്. |
| ബി) | നിലവിലുള്ള സ്കീമിൽ ഉൾപ്പെടുത്തിയ പദ്ധതി കളുടെ പ്രവൃത്തി നടത്തുന്നത് സ്റ്റേ ചെയ്തുകൊണ്ട് ഏതെങ്കിലും ജില്ലയിൽ നടപടികളുണ്ടായിട്ടുണ്ടോ; | ബി & സി) | 13- ാം ധനകാര്യ കമ്മീഷന്റെ കാലാവധി 31.03.2015 ന് അവസാനിക്കുന്നതിനാൽ അതിനുമുമ്പ് തീർപ്പാക്കാൻ കഴിയാത്ത പ്രവൃത്തി കൾ തുടങ്ങാൻ അനുമതി നൽകേണ്ടതില്ലെന്ന് 13.02.2015 ലെ 5054/K1/2015/ഡി.എം.ഡി നമ്പർ കത്ത് മുഖാന്തിരം എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിരുന്നു. |
| സി) | എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | | |
| ഡി) | സ്റ്റേ ചെയ്തിട്ടുണ്ടെങ്കിൽ ഇതുമൂലമുണ്ടായ പ്രയാസ ങ്ങൾ പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ? | ഡി) | 31.03.2015 ന് മുമ്പ് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ആരംഭിച്ചിരു ന്നതും എന്നാൽ 13.02.2015 ലെ 5054/K1/15/ഡി.എം.ഡി നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ നിർത്തി വച്ചിരുന്നതുമായ പ്രവൃത്തികൾക്ക് ഭരണാനുമതി ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ അനുമതി നൽകിക്കൊണ്ട് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. 31.03.2015-ന് മുമ്പ് ഭരണാനു മതിയും സാങ്കേതികാനുമതിയും ലഭിക്കുകയും, എന്നാൽ പ്രസ്തുത തീയതിക്കു മുമ്പ് ആരംഭി ക്കാത്തവയുമായ പ്രവൃത്തികൾ റദ്ദാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ